6/8/17

# പട്ടികജാതി വികസന വകുപ്പ് ഡയറക്ടറുടെ നടപടി ഉത്തരവ്

**(നിലവിൽ : ഡോ. പി.പുഗഴേന്തി ഐ.എഫ്എസ്)**

വിഷയം: പട്ടികജാതി വികസനം - ഇടുക്കി ജില്ലയിലെ ദേവികുളം താലൂക്കിൽ കല്ലുങ്കൽ വീട്ടിൽ ശ്രീമതി. സുനിതറെജി സുനിത റെജി എന്നയാളുടെ വീടിന് സംരക്ഷണഭിത്തി കെട്ടുന്നതിനുള്ള പ്രൊപ്പോസൽ - ഭരണാനുമതി നൽകി ഉത്തരവാകുന്നു.

സൂചന: 1) ഇടുക്കി ജില്ലാ പട്ടികജാതി വികസന ഓഫീസറുടെ 17-11-2016 ലെ R&M -5010/15 നമ്പർ കത്ത്.
2) സ.ഉ(ആർ.റ്റി) നമ്പർ 1161/17/പജ.പവ.വിവ തീയതി: 03-05-2017.

---

ഉത്തരവ് നമ്പർ: പി2-35478/2016 തീയ്യതി: 20-05-2017

---

ഇടുക്കി ജില്ലയിലെ ദേവികുളം താലൂക്കിൽ കല്ലുങ്കൽ വീട്ടിൽ ശ്രീമതി. സുനിതറെജി എന്നയാളുടെ വീട് റോഡിൽ നിന്നും 15 അടി പൊക്കത്തിൽ ആയതിനാൽ അപകടാവസ്ഥ യിലാണെന്നും ടിയാളുടെ 5 വയസ്സുള്ള കുട്ടി 60% മാനസിക വൈകല്യമുള്ള കുട്ടിയാണെന്നും, കുട്ടിയുടെ സംരക്ഷണാർത്ഥം വീടിന് സംരക്ഷണഭിത്തി നിർമ്മിക്കുന്ന തിനായി 2,27,975/- രൂപയുടെ പ്രൊപ്പോസൽ സൂചന (1) പ്രകാരം ഇടുക്കി ജില്ലാ ഓഫീസിൽ ലഭ്യമായിരുന്നതും ആയത് 20-04-2017 ൽ നടന്ന വകുപ്പ്തല വർക്കിംഗ് ഗ്രൂപ്പിൽ സമർപ്പിച്ചിരുന്നതുമാണ്. വകുപ്പുതല വർക്കിംഗ് ഗ്രൂപ്പ് പ്രസ്തുത പ്രൊപ്പോസൽ വിശദമായി പരിശോധിച്ച് അംഗീകരിച്ചതിന്റെ അടിസ്ഥാനത്തിൽ ടി പ്രോജക്ടിന് ഭരണാനു മതി നൽകി സൂചന (2) പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. പദ്ധതിയുടെ ഡോക്യുമെന്റേഷൻ പട്ടികജാതി വികസന വകുപ്പ് നടത്തണമെന്ന വ്യവസ്ഥയോടെയാണ് പ്രോജക്ട് അംഗീകരിച്ചിട്ടുള്ളത്.

മേൽ സാഹചര്യത്തിൽ ഇടുക്കി ജില്ലയിലെ ദേവികുളം താലൂക്കിൽ കല്ലുങ്കൽ വീട്ടിൽ ശ്രീമതി. സുനിതറെജി എന്നയാളുടെ വീടിന് സംരക്ഷണഭിത്തി നിർമ്മിക്കുന്നതിന് 227975/- രൂപാ (രണ്ടു ലക്ഷത്തി ഇരുപത്തിയേഴായിരത്തി തൊള്ളായിരത്തി എഴുപത്തിയഞ്ച് രൂപാ മാത്രം) ഇടുക്കി ജില്ലാ പട്ടികജാതി വികസന ഓഫീസർക്കനുവദിച്ച് ഇതിനാൽ ഉത്തവാകുന്നു. ടിയാൾ പദ്ധതിയുമായി ബന്ധപ്പെട്ട വർക്കിന്റെ ഡോക്യു മെന്റേഷൻ നടത്തി പദ്ധതി പൂർത്തിയാക്കി ടി വിവരം പട്ടികജാതി വികസന വകുപ്പ് ഡയറക്ടർക്ക് യഥാവിധി റിപ്പോർട്ട് ചെയ്യേണ്ടതാണ്.

ഇതിലേയ്ക്കാവശ്യമായ തുക നടപ്പു സാമ്പത്തികവർഷത്തെ ബഡ്ജറ്റിലെ 2225-01-800-57 Corpus fund (Plan) എന്ന ശീർഷകത്തിൽ നിന്നും തേർച്ച ചെയ്യാവുന്നതാണ്.

(ഒപ്പ്)
ഡയറക്ടർ

ജില്ലാ പട്ടികജാതി വികസന ഓഫീസർ,
ഇടുക്കി.

പകർപ്പ്:

1. അക്കൗണ്ടന്റ് ജനറൽ,കേരള ,തിരുവനന്തപുരം.
2. ഫിൻ. എ സെക്ഷൻ (തുക അലോട്ട് ചെയ്യുന്നതിന്)
3. അസി. എൻജിനീയർ, MGNREGA, അടിമാലി ബ്ലോക്ക്, ഇടുക്കി.
4. പട്ടികജാതി വികസന ഓഫീസർ, അടിമാലി ബ്ലോക്ക്
5. ശ്രീമതി. സുനിത റെജി, കല്ലുങ്കൽ വീട്, ദേവികുളം താലൂക്ക്, ഇടുക്കി.
6. ചീഫ് പ്ലാനിംഗ് ഓഫീസർ
7. റിസർച്ച് ഓഫീസർ
8. സുപ്രണ്ട്, പ്ലാനിംഗ് സെക്ഷൻ
9. ചീഫ് പബ്ലിസിറ്റി ഓഫീസർ(വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
10. മോണിട്ടറിംഗ് സെക്ഷൻ
11. സ്റ്റോക്ക് ഫയൽ/അധികം.

ഉത്തരവിൻ പ്രകാരം

ചീഫ് പ്ലാനിംഗ് ഓഫീസർ (i/c).

സി